# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 24.01.2025**

### പ്രധാനവാർത്തകൾ

1. റിപ്പബ്ലിക് ദിന ആഘോഷങ്ങളുടെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി എൻ.സി.സി, എൻ.എസ്.എസ് തുടങ്ങി വിവിധ വിഭാഗങ്ങളുമായി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും.

2. ഭരണഘടന അഭിമാന ദിനം എന്ന വിഷയത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന സെമിനാർ കേന്ദ്രമന്ത്രി പ്രൾഹാദ് ജോഷി ഇന്ന് ഉദ്ഘാടനം ചെയ്യും.

3. രാജ്യത്തിനായി ജീവൻ ബലിയർപ്പിച്ച ധീരസൈനികരുടെ ഓർമ്മയ്ക്കായി കോഴിക്കോട് പുത്തഞ്ചേരിയിൽ നിർമിച്ച യുദ്ധസ്മാരക മന്ദിരം കേന്ദ്ര സഹ മന്ത്രി സുരേഷ് ഗോപി ഇന്ന് നാടിന് സമർപ്പിക്കും.

4. വിവിധ ആവശ്യങ്ങളിൽ റേഷൻ വ്യാപാരികൾ അനിശ്ചിതകാല പണിമുടക്ക് പ്രഖ്യാപിച്ച സാഹചര്യത്തിൽ മന്ത്രി ജി.ആർ.അനിലിന്റെ നേതൃത്വത്തിൽ ഇന്ന് ചർച്ച.

5. സാമൂഹ്യ സുരക്ഷാ ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്ക് രണ്ട് ഗഡു പെൻഷൻവിതരണം ഇന്ന് മുതൽ.

6. ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - ഈസ്റ്റ് ബംഗാളിനെ നേരിടും.

RNU TVPM

====================================

## പ്രധാനമന്ത്രി -എൻ.സി.സി കേഡറ്റുകൾ

റിപ്പബ്ലിക് ദിന ആഘോഷങ്ങളുടെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി എൻസിസി, എൻഎസ്എസ്, യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം കേഡറ്റുകൾ, ടാബ്ലോ കലാകാരന്മാർ, ഗോത്രവിഭാഗക്കാർ എന്നിവരുമായി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും. ഭരണഘടനയുടെ 75-ാം വാർഷിക ആഘോഷവുമായി ബന്ധപ്പെട്ട് രണ്ട് നിശ്ചല ദൃശ്യങ്ങളാണ് റിപ്പബ്ലിക് ദിന പരേഡിൽ അണിനിരക്കുന്നത്. വിവിധ സംസ്ഥാനങ്ങൾ, കേന്ദ്ര ഭരണ പ്രദേശങ്ങൾ, മന്ത്രാലയങ്ങൾ വകുപ്പുകൾ എന്നിവയിൽ നിന്നുള്ള 31 നിശ്ചല ദൃശ്യങ്ങളും പരേഡിൽ അണിനിരക്കും. ഗോത്ര നേതാവായിരുന്ന ബിർസ മുണ്ടയുടെയും സർദാർ വല്ലഭായ് പട്ടേലിന്റെയും കാലാവസ്ഥാ വകുപ്പിൻ്റെയും 150-ാം ആഘോഷങ്ങളുമായി ബന്ധപ്പെട്ട് വിവിധ പരിപാടികൾ ഉണ്ടാകും. രാജ്യത്തിൻ്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 300 കലാകാരന്മാർ പരേഡിൽ വിവിധ പരിപാടികൾ അവതരിപ്പിക്കും.

RNU TVPM

=====================================

## റിപ്പബ്ലിക് ദിനം-രാധാകൃഷ്ണപിള്ള (ഇൻട്രോ)

റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ വിശിഷ്ടാതിഥിയായി പങ്കെടുക്കാൻ കേരളത്തിൽ നിന്നും അവസരം ലഭിച്ച കൊല്ലം പെരിനാട് സ്വദേശിയും വൈക്കോൽ ഉപയോഗിച്ച് ചിത്രങ്ങൾ നിർമ്മിക്കുന്ന കലാകാരനുമായ ബി. രാധാകൃഷ്ണപിള്ള ആകാശവാണി വാർത്തകളോട്......

(ഹോൾഡ്)

=====================================

## പ്രൾഹാദ് ജോഷി

ഭരണഘടന അഭിമാന ദിനം എന്ന വിഷയത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന സെമിനാർ കേന്ദ്രമന്ത്രി പ്രൾഹാദ് ജോഷി ഇന്ന് വൈകിട്ട് ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ ബി ജെ പി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ അധ്യക്ഷത വഹിക്കും. കേന്ദ്ര സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ ജി ഗോപകുമാർ, കേരള ഹൈക്കോടതി റിട്ടയർഡ് ജഡ്ജി ജസ്റ്റിസ് എം ആർ ഹരിഹരൻ നായർ തുടങ്ങിയവർ പങ്കെടുക്കും.

====================================

## സുരേഷ്ഗോപി -കോഴിക്കോട്

കേന്ദ്ര സഹ മന്ത്രി സുരേഷ് ഗോപി ഇന്ന് കോഴിക്കോട് വിവിധ ചടങ്ങുകളിൽ സംബന്ധിക്കും. രാജ്യത്തിനായി ജീവൻ ബലിയർപ്പിച്ച ധീരസൈനികരുടെ ഓർമ്മയ്ക്കായി പുത്തഞ്ചേരിയിൽ നിർമിച്ച യുദ്ധസ്മാരക മന്ദിരം കേന്ദ മന്ത്രി നാടിന് സമർപ്പിക്കും. തുടർന്ന് എം ടി വാസുദേവൻ നായരുടെ വസതിയും മന്ത്രി സന്ദർശിക്കും.

RNU TVPM

====================================

## റേഷൻ- ജി.ആർ.അനിൽ

റേഷൻ വ്യാപാരികളുമായി മന്ത്രി ജി.ആർ.അനിലിന്റെ നേതൃത്വത്തിൽ ഇന്ന് ചർച്ച നടക്കും. വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ഈമാസം 27 മുതൽ റേഷൻ വ്യാപാരികൾ അനിശ്ചിതകാല പണിമുടക്ക് പ്രഖ്യാപിച്ച സാഹചര്യത്തിലാണ് ചർച്ച നടത്തുന്നത്. ധനമന്ത്രി കെ.എൻ.ബാലഗോപാലും ഓൺലൈനായി നടക്കുന്ന ചർച്ചയിൽ

പങ്കെടുക്കും. വേതന വർദ്ധന പ്രഖ്യാപിക്കണമെന്നതാണ് സമരക്കാരുടെ പ്രധാന ആവശ്യം.

=====================================

## ക്ഷേമപെൻഷൻ

സാമൂഹ്യ സുരക്ഷാ ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്ക് രണ്ട് ഗഡു പെൻഷൻ ഇന്ന് മുതൽ വിതരണം ചെയ്യും. 62 ലക്ഷത്തിലേറെ പേർക്ക് ഗുണം ചെയ്യും. ഇതിനായി 1,604 കോടി രൂപ സർക്കാർ അനുവദിച്ചു. ജനുവരിയിലെ പെൻഷനും ഒരു ഗഡു കുടിശ്ശികയുമാണ് വിതരണം ചെയ്യുന്നത്.

=====================================

## രമേശ് ചെന്നിത്തല-ബ്രൂവറി

ബ്രൂവറി അനുവദിക്കാനുള്ള സർക്കാർ തീരുമാനം പാലക്കാട്ടെ ജനങ്ങളോടുള്ള വെല്ലുവിളിയെന്ന് കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല. തീരുമാനത്തിൽ നിന്ന് സർക്കാർ പിൻതിരിയണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. കോള കമ്പനിപൂട്ടിക്കാൻ സമരം നടത്തിയ ഇടത് പക്ഷം ഇപ്പോൾ ബ്രൂവറിയെ പിന്തുണക്കുകയായാണെന്നും രമേശ് ചെന്നിത്തല കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു. ബ്രൂവറി ഉൾപ്പെടെയുള്ള അഴിമതി ആരോപണങ്ങളിൽ സമഗ്ര അന്വേഷണം നടത്താൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്ന് ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ ആവശ്യപ്പെട്ടു.

=====================================

RIU TVPM

## വി.ഡി.സതീശൻ

പ്രതിപക്ഷനേതാവ് വി.ഡി സതീശൻ നയിക്കുന്ന യു.ഡി.എഫ് സംസ്ഥാന കമ്മിറ്റിയുടെ മലയോര സമര പ്രചരണ യാത്ര നാളെ കണ്ണൂർ കരുവഞ്ചാലിൽ നിന്ന് ആരംഭിക്കും. എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യും. 27 ന് ജില്ലയിലെ ആറളത്തും കൊട്ടിയൂരിലും പര്യടനത്തിന് ശേഷം വയനാട്ടിലേക്ക് പോകും.

====================================

## തലശ്ശേരി -കാൻസർ സെൻ്റർ

തലശ്ശേരി മലബാർ കാൻസർ സെൻറർ പി ജി ഇൻസ്റ്റിറ്റ്യൂട്ട് ആയി വികസിപ്പിക്കുന്നതിൻറെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ നിർമ്മിച്ച ട്രീറ്റ്മെൻറ് ആൻഡ് അക്കാദമിക് ബ്ലോക്ക് നാളെ മുഖ്യമന്ത്രി പിണറായി വിജയൻ നാടിനു സമർപ്പിക്കും. 97 കോടി 55 ലക്ഷം രൂപ ചെലവഴിച്ച് നാല് നിലകളിലായി നിർമ്മിച്ച കെട്ടിട സമുച്ചയത്തിൽ അത്യാധുനിക ചികിത്സാ സംവിധാനങ്ങളാണ് ഒരുക്കുന്നത്.

====================================

## തലശ്ശേരി ജില്ലാ കോടതി-മുഖ്യമന്ത്രി

തലശ്ശേരിയിലെ ജില്ലകോടതി സമുച്ചയം നാളെ രാവിലെ 9.30 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്ന പത്ത് കോടതികളുടെ പ്രവർത്തനോദ്ഘാടനം കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ മധുകർ ജാംദാറും നിർവഹിക്കും.

====================================

PNU TVPM

## ഐഎസ്എൽ

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് ഈസ്റ്റ് ബംഗാളിനെ നേരിടും. വൈകുന്നേരം 7:30 ന് കൊൽക്കത്തയിലാണ് മത്സരം.ഇന്നലെ നടന്ന മത്സരത്തിൽ ജംഷഡ്പൂരിനെ പരാജയപ്പെടുത്തി ഹൈദരാബാദ് വിജയിച്ചു.

====================================

## ഇടുക്കി (ഇൻട്രോ)

ഇടുക്കി വന്യജീവി സങ്കേതത്തിനുള്ളിലെ 12 ആദിവാസി ഗ്രാമങ്ങളും മൊബൈൽ റേഞ്ചിന്റെ പരിധിയിലായി. ബി.എസ്.എൻ.എൽ നെറ്റ് വർക്കിലൂടെയാണ് പ്രദേശത്ത് ആദ്യമായി മൊബൈൽ സേവനം ലഭ്യമാകുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി **രതീഷ് കൃഷ്ണ.....**

(വോയിസ്)

RNU TVPM

====================================

## ലക്ഷദ്വീപ്- സംവാദം

ലക്ഷദ്വിപിന്റെ ഭൂജല സംരക്ഷണ പ്രവർത്തനങ്ങളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ഭൂജല ബോർഡ്, ജല കമ്മീഷൻ , ലക്ഷദ്വീപ് ഭരണകൂടം എന്നിവ സംയുക്തമായി കവരത്തി ദ്വീപിൽ സംവാദം സംഘടിപ്പിച്ചു. കേന്ദ്ര ജല കമ്മീഷൻ, കേരള മേഖല ഭൂജല ബോർഡ് , ലക്ഷദ്വീപ് പൊതുമരാമത്ത് വകുപ്പ്, ശാസ്ത്ര സാങ്കേതിക മന്ത്രാലയം, വനം - പരിസ്ഥിതി എന്നി

വകുപ്പ് പ്രതിനിധികളും പങ്കെടുത്തു. ലക്ഷദ്വീപിലെ വിവിധ ദ്വീപുകളിലെ ഡിജിറ്റൽ വാട്ടർ ലെവൽ സംവിധാനങ്ങളെ കുറിച്ചുള്ള വിശദമായ ചർച്ചകളും നടന്നു.

=======================================

## കുടിവെള്ള വിതരണം തടസ്സപ്പെടും

തിരുവനന്തപുരം ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലെ 19 മുതൽ 26 വരെയുള്ള വാർഡുകളിൽ നാളെ മുതൽ ഫെബ്രുവരി 8 വരെ ഭാഗികമായും കിഴുവിലം പഞ്ചായത്തിലെ 2, 3 വാർഡുകളിൽ ഒന്നിടവിട്ട ദിവസങ്ങളിലും കുടിവെള്ള വിതരണം തടസപ്പെടും. അമൃത് പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം ആറ്റിങ്ങൽ ചിറയിൻകീഴ് റോഡിൽ പൈപ്പുകൾ മാറ്റി പി.വി.സി പൈപ്പുകൾ സ്ഥാപിക്കുന്നതിനും പുതിയതായി സ്ഥാപിച്ച പൈപ്പ് ,ശാഖാ റോഡുകളിലെ നിലവിലെ കുടിവെള്ള വിതരണ പൈപ്പുകളെ തമ്മിൽ കൂട്ടിയോജിപ്പിക്കുന്ന പ്രവൃത്തികളും നടക്കുന്നതിനാലാണിത്.

RNU TVPM

=======================================

## കോഴിക്കോട് -കഞ്ചാവ്

കോഴിക്കോട് വെള്ളിപ്പറമ്പ് അഞ്ചാം മൈലിൽ കഞ്ചാവുമായി രണ്ടുപേരെ പോലീസ് പിടികൂടി. ഒഢീഷ സ്വദേശികളാണ് പോലീസ് പിടിയിലായത്. പത്തര കിലോ കഞ്ചാവ് പിടികൂടി. കോഴിക്കോട് മെഡിക്കൽ കോളേജ്, വെള്ളിപറമ്പ് ഭാഗങ്ങൾ കേന്ദ്രീകരിച്ച് ലഹരി മാഫിയ പ്രവർത്തിക്കുന്നുണ്ടെന്ന് വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് ഇവരെ പിടികൂടിയത്. വിപണിയിൽ ഇതിനു നാല് ലക്ഷത്തോളം

രൂപ വില വരും.

==========================================

## സ്മൃതി -അഴീക്കോട്

ഡോ. സുകുമാർ അഴീക്കോടിന്റെ പതിമൂന്നാം ചരമവാർഷികത്തോട് അനുബന്ധിച്ച് കണ്ണൂരിൽ അഴീക്കോട് സ്മൃതി എന്ന പേരിൽ അനുസ്മരണ പരിപാടി നടന്നു. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. പയ്യാമ്പലത്തെ അഴീക്കോടിന്റെ സ്മൃതി മണ്ഡപത്തിൽ മന്ത്രിയുടെ നേതൃത്വത്തിൽ പുഷ്പാർച്ചന നടത്തി.

==========================================

## വി.കെ.എൻ അനുസ്മരണം

സാഹിത്യ അക്കാഡമിയുടെ വി.കെ.എൻ അനുസ്മരണം നാളെ നടക്കും. തിരുവില്വാമലയിലെ വി.കെ.എൻ സ്മാരകത്തിൽ രാവിലെ നടക്കുന്ന പുഷ്പാർച്ചനയ്ക്കുശേഷം യു.ആർ.പ്രദീപ് എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന അനുസ്മരണ സമ്മേളനം കെ. രാധാകൃഷ്ണൻ എം.പി. ഉദ്ഘാടനം ചെയ്യും.

RNU TVPM

==========================================

## തൊഴിൽമേള

കോട്ടയം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, മോഡൽ കരിയർ സെന്റർ എന്നിവ സംയുക്തമായി അരുവിത്തറ സെന്റ് ജോർജ് കോളേജിന്റെ സഹകരണത്തോടെ നാളെ കോളേജ് കാമ്പസിൽ തൊഴിൽമേള സംഘടിപ്പിക്കും. പാരാമെഡിക്കൽ, ഓട്ടോമൊബൈൽ, ഫിനാൻസ്, മാർക്കറ്റിംഗ്, ഇൻഷുറൻസ് തുടങ്ങിയ വിവിധ രംഗങ്ങളിൽ നിന്നുള്ള 27 കമ്പനികൾ ആയിരത്തിലധികം ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളെ നേരിട്ട് ഇന്റർവ്യൂ ചെയ്യും. എസ്.എസ്.എൽ.സി, പ്ലസ് ടു, ബിരുദം, ഐ.ടി.ഐ, ഡിപ്ലോമ, ബിടെക്, പാരാമെഡിക്കൽ, ജനറൽ

നേഴ്സിംഗ് എം.ബി.എ, എം.സി.എ യോഗ്യതയുള്ള തൊഴിൽരഹിതർക്കും മേളയിൽ പങ്കെടുക്കാം. ഉദ്യോഗാർത്ഥികൾ employabiltiycentrekottayam എന്ന ഫേസ്ബുക്ക് പേജ് സന്ദർശിച്ച് രജിസ്റ്റർ ചെയ്യണം.

======================================

## സി.എം.എഫ്.ആർ.ഐ

വേമ്പനാട്ട് കായലിലെ വെള്ളത്തിന്റെ നിലവാരം, ജലജന്യ രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള ഗവേഷണ പദ്ധതിയുടെ ഭാഗമായി വികസിപ്പിച്ച സംരംഭങ്ങളുടെ ഉദ്ഘാടനം കൊച്ചി സി.എം.എഫ്.ആർ.ഐ യിൽ നടന്നു. വാട്ടർ ക്ലിനിക്, ക്ലെൻസ് ആപ്, ഗവേഷകരെയും പൊതുജനങ്ങളെയും ബന്ധിപ്പിക്കാനുള്ള അക്വാഡിപ് ആപ്പ്, തീരമേഖലയിലെ ജലജന്യരോഗങ്ങളുമായി ബന്ധപ്പെട്ട ഡേറ്റബേസ് എന്നിവയാണ് ഉദ്ഘാടനം ചെയ്തത്.

======================================

## ഏകദിന ശിൽപശാല

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് എൻജിനീയറിംഗ് ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ ഈ മാസം 27 ന് 'ഗവേഷണ ധാർമ്മികതയും അക്കാദമിക പ്രബന്ധ രചനയും' എന്ന വിഷയത്തിൽ ഏകദിന ശില്പശാല നടക്കും. കുസാറ്റ് ഇന്റർനാഷണൽ സ്കൂൾ ഒഫ് ഫോട്ടോണിക്സ് സെമിനാർ ഹാളിലാണ് ശില്പശാല.

======================================

RNU TVPM

## ഐ.സി.ബാലകൃഷ്ണൻ

വയനാട് ഡി.സി.സി ട്രഷറർ എൻ.എം.വിജയന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട് ഐ.സി ബാലകൃഷ്ണൻ എം.എൽ.എ യെ ചോദ്യം ചെയ്യുന്നത് ഇന്നും തുടരും. ഇന്നലെയാണ് ചോദ്യം ചെയ്യൽ ആരംഭിച്ചത്. സാമ്പത്തിക ഇടപാടുമായി ബന്ധപ്പെട്ട അറിവ്, ഇല്ലെന്നായിരുന്നു എം.എൽ.എ യുടെ മറുപടി. കോടതി ജാമ്യം അനുവദിച്ചിട്ടുള്ളതിനാൽ അറസ്റ്റ് രേഖപ്പെടുത്തി ജാമ്യത്തിൽ വിട്ടയയ്ക്കാനാണ് സാധ്യത.

===========================================================================

RNU TVPM